

SPARK

## ഉള്ളടക്കം


എഡിറ്റോറിയൽ..........3
ആശംസ..........4
അവധിക്കാലം..........5
പുഴയുടെ ആത്മകഥ..........6
ക്വിസ്..........7
സമയം..........8
ഓർക്കാൻ ഓർമ്മിക്കാൻ ചില മറക്കാത്ത അനുഭവങ്ങൾ..........9
ജീവിതം..........11
യാത്രാ വിവരണം - കൊച്ചിയിലെ ഒരു ദിവസം..........12
കവിത - മിഴിനീർ പൂക്കൾ..........13
കേരളം അതിജീവിച്ച കഥ..........14
സായിയും സെറ്റിലും..........15
Behind My Smile... ☺..........19
എഡിറ്റോറിയൽ ബോർഡ്..........20
LITTLE KITES TEAM..........21
നന്ദി..........22




# എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സ് പരിശീലന പരിപാടിയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് തയ്യാറാക്ക പ്പെട്ടതാണ് ഈ ഡിജിറ്റൽ മാഗസിൻ. ഒരു ഡിജിറ്റൽ മാഗസിന്റെ ഗുണഗണങ്ങൾ പൂർണ്ണമായി ഉൾക്കൊണ്ടിട്ടില്ലെങ്കിലും അതിനാവശ്യമായ ആത്മാർത്ഥമായ പരിശ്രമം ഒരു പരിധി വരെ വിജയത്തി ലെത്തിക്കാൻ ഇതിലെ അംഗങ്ങൾക്ക് സാധിച്ചിട്ടുണ്ട്. അത് അഭിമനകരമായ ഒരു നേട്ടമാണ്.

കുട്ടികളുടെ സർഗവാസനയെ സാങ്കേതികവിദ്യയിലൂടെ പരിപോഷിപ്പിക്കുവാനും, അതിലൂടെ തുടർ വിദ്യാഭ്യാസ സാധ്യത മെച്ചപ്പെടുത്താനും, കമ്പ്യൂട്ടർ രംഗത്ത് മികവാർന്ന വിജയം സാധ്യമാക്കാനും ഇത്തരം പ്രവർത്തനങ്ങൾ ഊർജ്ജം പകരുന്നു.

ചുരുങ്ങിയ കാലയളവിൽ വിദ്യാർഥികളിൽ നിന്നും ശേഖരിച്ച വിഭവങ്ങൾ അടങ്ങിയ "സ്പാർക്ക്" എന്ന ഈ കൊച്ചു മാഗസിൻ ലിറ്റിൽ കൈറ്റ്സിന വേണ്ടി ഞങ്ങൾ സ്നേഹപുരസ്സരം സമർപ്പിക്കുന്നു.

**എഡിറ്റർ**
**ഹന. ഒ. പി.**

WALLPAPERSWIDE.COM

# ആശംസ

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ "സ്പാർക്ക്" എന്ന മാഗസിൻ തയ്യാറാക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്,



ഹെഡ് മിസ്ട്രസ്

**പുഷ്പ. പി. എൻ**

# അവധിക്കാലം...

ഓർമ്മവെച്ചനാൾ മുതൽ
കൊതിയോടെ കാത്തിരുന്ന
വേനലെന്ന മധുര കാലം
പാഠശാലകൾ അടക്കുന്ന സുവർണ്ണകാലം

പുസ്തകക്കെട്ടുകൾ അടച്ചുവെച്ചു
തുറന്നു പുതിയൊരു വാതിൽ
ബാലികാ ബാലികന്മാരാകും നമ്മൾ
പാഴാക്കുന്നില്ലൊരു നിമിഷം പോലും

സൗഹൃദത്തിൻ മധുര സ്മരണകൾ
ഒരിക്കൽ കൂടി നുകർന്ന് നാം
ആഹ്ലാദചിത്തരായി നാമേവരും
ഒന്നായ്ത്തീരും ധന്യനിമിഷങ്ങൾ

രണ്ടു മാസം കടന്നുപോയ് പെട്ടെന്ന്
ആ നല്ല നാളുകൾ ഓർമ്മയായി
ഇനിയുമൊരു വേനലവധിക്കായ്
കാത്തിരിക്കുന്നു നാമേവരും



അമത്തുൽ മത്തീൻ.എം.എ
10.B

WALLPAPERSWIDE.COM

# പുഴയുടെ ആത്മകഥ

ഞാൻ ഒരു പുഴ... പണ്ട് വളരെയധികം ഒഴുക്കുള്ളവളായിരുന്നു. നിറയെ മീനുകൾ നീന്തിത്തു ടിച്ചിരുന്നു. ധാരാളം കുട്ടികൾ ഇവിടെ കുളിക്കാനും കളിക്കാനും എത്തുമായിരുന്നു. അവരുടെ പൊട്ടിച്ചിരി എന്റെ താളമായി മാറി. കാലക്രമേണ കഥ മാറി. എന്റെ ചുറ്റുമുള്ള മരങ്ങളെല്ലാം മഴുവെടുത്തു. ചുറ്റിലുമുള്ള ഫാക്ടറികളിൽ നിന്നുള്ള വിഷം എന്നിലേക്ക് ഒഴുകിത്തുടങ്ങി. എന്റെ നിറം മാറി... ഞാൻ മെലിഞ്ഞു. രോഗങ്ങൾ എന്നെ പിടികൂടി. ഞാനൊരു മാലിന്യ കൂമ്പാരമായി മാറി... സമൃദ്ധിയുടെ ആ പഴയ കാലത്തിനായി ഞാൻ ദാഹിക്കുന്നു.



SPARK K.M.H.S.S

# ക്വിസ്

1) അലബാമ ഏതു രാജ്യത്താണ്? (അമേരിക്കയിൽ)
2) സിംഗപ്പൂരിന്റെ ആദ്യ കൃത്രിമ ഉപഗ്രഹം? (എക്സ് സാറ്റ് )
3) കാപ്പിയുടെ ജന്മ ദേശം? (അറേബ്യ)
4) എമു പക്ഷിയുടെ ജന്മനാട്? (ആസ്ത്രേലിയ)
5) ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങൾ? (ബീഹാർ, പശ്ചിമ ബംഗാൾ, കേരളം)
6) മൊണാലിസ എന്ന ചിത്രത്തിന് മോഡലായിരുന്ന വനിത? (ലിസ ഒഘലരാർഡിനി)
7) കേരള നിയമസഭയുടെ ആദ്യ സ്പീക്കർ? (ആർ. ശങ്കരനാരായണൻ തമ്പി)
8) ഐവറി കോസ്റ്റ് ഏതു വൻകരയിൽ? (ആഫ്രിക്ക)
9) ക്രൊയേഷ്യയുടെ തലസ്ഥാനം? (സാഗ്രബ്)
10) ആദ്യമായി ബാലറ്റ് പേപ്പർ നിലവിൽ വന്ന രാജ്യം? (ആസ്ത്രേലിയ - 1856 ൽ)
11) 2011 ലെ ഐ.സി.സി വേൾഡ് കപ്പ് നേടിയത്? (ഇന്ത്യ)
12) മാർച്ച് 22 ലോക ജലദിനമായി ആചരിക്കാൻ തുടങ്ങിയ വർഷം? (1992 ൽ)
13) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ ആദ്യ വൈസ് ചാൻസിലർ? (ഡോ.മോഹൻദാസ്)
14) ഇന്ത്യയുടെ ദേശീയ ഫുട്ബോൾ ലീഗ്? (ഐലീഗ്)
15) 2010 ലെ ഏഷ്യാ കപ്പ് ക്രിക്കറ്റ് കിരീടം നേടിയ രാജ്യം? (ഇന്ത്യ)
16) ലോകത്തിലെ ഏറ്റവും വലിയ ശിവപ്രതിമ സ്ഥിതി ചെയ്യുന്നതെവിടെ? (സാംഗ - നേപ്പാൾ)
17) ലോകത്തിലെ ഏറ്റവും വലിയ നാണയം? (മെയ്പ്പിൾ ലീഫ്)
18) ബ്രിട്ടീഷ് ചരിത്രത്തിലെ ആദ്യ മുസ്ലിം വനിത മന്ത്രി? (സയിദ ഹുസൈൻവാർസി)
19) അറബ് ലീഗിന്റെ സെക്രട്ടറി ജനറൽ? (അംറ്മൂസ)
20) കേരളത്തിലെ 3 ജി സാങ്കേതികവിദ്യ തുടങ്ങിയ ജില്ല? (കോഴിക്കോട്)
21) ലോകത്തിലെ ഏറ്റവും ഉയരം കൂടിയ വെള്ളച്ചാട്ടം?
കോരെ പാ[illegible] വെള്ളച്ചാട്ടം (പുതിയ പേര്-എയ്ഞ്ചൽ വെള്ളച്ചാട്ടം)
22) ഇന്ത്യയിൽ [illegible] ലീസ് സ്റ്റേഷൻ? (മട്ടാഞ്ചേരി)



**അവന്തിക. എ. കെ.**
**VIII.G**

WALLPAPERSWIDE.COM

# സമയം...

സമയമില്ലാ....നീ മണ്ണിലലിയാനായി...
മരണമെന്ന സമയത്തെ മാത്രം കാത്തിരിക്കാം

തഴുകി തലോടുന്ന കാറ്റിനോട് പോലും
വിരഹങ്ങൾ പങ്കിടാൻ സമയമില്ലാ
കളകളം പാടിയുണർത്തുന്ന കിളികളെ
ഒരു നോക്ക് കാണാൻ സമയമില്ല.
നേരമില്ലാ...മരണത്തെ നേരിടാൻ
മരണമെന്ന സമയത്തെ മാത്രം കാത്തിരിക്കാം

ഒരു നൂറു സ്വപ്നങ്ങൾ നെഞ്ചിലൊതുക്കി
ഒരായിരം ആശകൾ ബാക്കിവെച്ച
കുട്ടുകുടുംബത്തെ വിസ്മരിച്ച്
മരണമെന്ന സമയത്തെ മാത്രം കാത്തിരിക്കാം.

കത്തിജ്വലിക്കുന്ന തീക്കണങ്ങളെപ്പോലെ
ശക്തമുള്ള നൊമ്പരങ്ങൾ
മാറ്റിവെച്ചു, പ്രതീക്ഷയോടെ കാത്തിരിക്കാം
മരണമെന്ന സമയത്തെക്കാത്തിരിക്കാം.



അമത്തുൽ അമീൻ.എം.എ
10.B

# ഓർക്കാൻ ഓർമ്മിക്കാൻ ചില മറക്കാത്ത അനുഭവങ്ങൾ

ഒരൊറ്റ നിമിഷംകൊണ്ട് എല്ലാം തീരുമെന്ന് കണക്കാക്കി. എന്നാൽ ഞാൻ ചെയ്ത പുണ്യമാണോ? അതോ എന്റെ അല്ലെങ്കിൽ നമ്മുടെ പൂർവ്വികർ ചെയ്ത നന്മ കൊണ്ടാവാം. ഈ പ്രപഞ്ചത്തിൽ ആയുസ്സോടെയും പൂർവ്വാധികം ശക്തിയോടെയും ഇന്നും നിലനിൽക്കുന്ന ഒരു ശക്തിയുണ്ട്. നമ്മുടെ പെറ്റമ്മയെ പോലെ ഭൂമിയിലെ എല്ലാ വസ്തുക്കളുടെയും കാലുകൾ നിലത്തു റപ്പിക്കുന്ന പ്രപഞ്ചമായ അമ്മ! എന്നാൽ പെറ്റമ്മ എല്ലാം സഹിക്കുന്നതു പോലെ എല്ലാം സഹിക്കാൻ ആ അമ്മക്ക് ആവുമായിരുന്നില്ല. അതായിരിക്കാം അവരെ സഹായിക്കാൻ ഒരു കൈത്താങ്ങായി അവിടെ ചെന്നെത്താൻ ദൈവം ഞങ്ങൾക്ക് വിധിച്ചത്. ഒരു പ്രളയമായി വൻകെടുതിയിൽ കൊണ്ടെത്തിച്ചത്. ആ ദിവസങ്ങൾ ഇന്നും കണ്ണിൽ മിന്നിമറയുകയാണ്.

ഒരു ബക്രീദിന്റെ തലേദിവസമായിരുന്നു. ഞങ്ങളുടെ നാട്ടിലെ ക്ലബ്ബുകാരുടെ കൂടെ ഞാനും ആ പ്രളയദുരന്തത്തിൽ ആർക്കൊക്കെയോ കൈത്താങ്ങാവാൻ അംഗമായത്. ക്ലബ്ബുകാരാണ് എന്നെ ഇതിൽ അംഗമാവാൻ വിളിച്ചത്. ഞാൻ വരാം എന്ന് സമ്മതിച്ചു. ഇവിടെ വീട്ടിലെ അംഗങ്ങളെല്ലാം പെരുന്നാളിന്റെ സന്തോഷത്തിലായിരുന്നപ്പോൾ എനിക്ക് കേൾക്കാൻ കഴിഞ്ഞിരുന്നത് ഈ പ്രപഞ്ചത്തിലെ എവിടെയോ നിന്നുള്ള തേങ്ങലായിരുന്നു.

അന്ന് ഞങ്ങൾ കൃത്യം 6 മണിക്ക് ഇവിടെ നാട്ടിൽ നിന്നും പുറപ്പെട്ടു. വയനാട്ടിലേക്കായിരുന്നു യാത്ര. സമയം ഏകദേശം രാത്രി 12 മണിയായപ്പോൾ ഞങ്ങൾ വയനാട്ടിലെ വാളാട് എന്ന ഗ്രാമത്തിലെത്തി. ഈ നാട്ടിൻപുറത്തിന്റെ ഒരു വശത്തായി കബനി നദിയുടെ ശാഖ ഒഴുകു ന്നുണ്ട്. ആ നദിയിൽ നിന്നും വെള്ളം കവിഞ്ഞൊഴുകിയാണ് ആ ഗ്രാമത്തിലേക്ക് വെള്ളം പാഞ്ഞു കയറിയത്. ഡാമിന്റെ മുന്നറിയിപ്പ് കൂടാതെയുള്ള തുറന്നുവിടലും ഇവരെ ഈ ദുരന്തത്തിലാക്കി. വീടിന്റെ മേൽക്കൂരയോളം വെള്ളമുണ്ടായിരുന്നു. ഞങ്ങൾ അവിടെ എത്തിയപ്പോഴേക്കും കാൽമുട്ടിന്റെ മുകളിലായിരുന്നു വെള്ളം. അവിടെ എത്തിയപ്പോൾ ഞങ്ങളെ സഹായിക്കാൻ ഒത്തിരി ആളുകളുണ്ടായിരുന്നു.

പുലർച്ചെ 6 മണിയായപ്പോഴാണ് ഞങ്ങൾ സംഭവസ്ഥലത്ത് എത്തിയത്. കണ്ണ് നനക്കുന്ന കാഴ്ചകൾ മാത്രമായിരുന്നു അവിടെയുണ്ടായിരുന്നത്. അമ്മയുടെ മുലപ്പാലിന്റെ ഗന്ധം പോലും മാറാത്ത കൈക്കുഞ്ഞുങ്ങളെയും മാറോട് ചേർത്ത് കണ്ണുകളിൽ മരണത്തെ നേരിട്ടു കണ്ടിരുന്ന ആളുകളെ അവിടെ ഞാൻ കണ്ടു. ഇന്നും മനസ്സിന്റെ താളുകളിൽ മുറിവേൽപ്പിക്കുന്ന കാഴ്ചകൾ അവിടെ കണ്ടു. ആ കാഴ്ചകളിൽ നിന്നും എത്ര വ്യത്യസ്തരാണ് നമ്മൾ. അവർ അനുഭവിച്ചതിന്റെ ഒരു ശതമാനം പോലും നമ്മളാരും അനുഭവിച്ചിട്ടില്ല. അവിടെ 12 വീടുകൾ ഞങ്ങൾ വൃത്തിയാക്കി. പ്രളയ ദുരിതമനുഭവിച്ചവർക്ക് ഞങ്ങൾ ചെയ്യാൻ കഴിയുന്നതു പോലെ 4 ചാക്ക് അരിയും അതിലേക്കുള്ള സാധനങ്ങളുമായാണ് അവിടെ എത്തിയത്. ഒരു നേരത്തെ ഭക്ഷണമെങ്കിലും ഞങ്ങളാൽ ആവട്ടെ എന്നോർത്തു. വീട്ടിൽ ഉമ്മയുടെ ബിരിയാണിയുടെ നറുമണം പടരുമ്പോൾ ഞങ്ങൾ ആരുടെയൊക്കെയോ കണ്ണുനീർ പൊഴിഞ്ഞ ചോറിന്റെ ഭാഗമാവുകയായിരുന്നു. എന്നാൽ ഞങ്ങൾക്ക് ആ ചോറിലും സ്നേഹത്തിന്റെ അംശമാണ് കാണാൻ കഴിഞ്ഞത്.


അവിടെ കാണാൻ കഴിഞ്ഞ മറ്റൊരു പ്രത്യേകതയായിരുന്നു അവർ ഭക്ഷണം കഴിക്കുന്നയിടം. അവിടെ വലിയവനില്ല, ജാതിയുടെ വിവേചനമില്ല, സമ്പത്തുള്ളവനും ഇല്ലാത്തവനുമില്ല, എല്ലാവരും തുല്യ ദുഃഖിതരായിരുന്നു. അടുത്ത ദിവസം വയനാട്ടിലെ മറ്റൊരു സ്ഥലത്തായിരുന്നു. അന്ന് രാത്രി ലോറിയിലായിരുന്നു ഞങ്ങളുടെ താമസം. ജീവിതത്തിൽ പുതിയ അനുഭവങ്ങൾ നൽകാൻ ആ യാത്രക്ക് കഴിഞ്ഞു.

അന്ന് ആ വീടുകൾ വൃത്തിയാക്കിയത് ഇന്നും മായാതെ കണ്ണിലുണ്ട്. രണ്ടു കൈകളും കൂപ്പി നിറകണ്ണുകളോടെ നിൽക്കുന്ന മുഖങ്ങൾ.... വീടും സ്ഥലവുമില്ലാത്തവർ...... ആലോചിക്കുമ്പോൾ കണ്ണ് നിറയുകയാണ്. ഞങ്ങൾക്ക് ഭക്ഷണം നൽകാനും കൂടെ നിൽക്കാനും ഒത്തിരി പേരുണ്ടായിരുന്നു. ഒരുമിച്ച് കൈകോർത്തതാവാം ആ ദുരന്തത്തെ മറികടക്കാനായത്.

ഇത്രയും അനുഭവങ്ങൾ വച്ചുതോന്നുകയാണ്. നാളെ എന്താണ് നടക്കുക എന്ന് നമുക്കറിയില്ല. പരമാവധി ആരുടേയും വെറുപ്പ് പിടിച്ച് പറ്റാതെ സ്നേഹം നേടാൻ ശ്രമിക്കുക. ആവോളം സ്നേഹം തിരിച്ചു നൽകുക. കാരണം ജീവിതം ഒന്നേയുള്ളൂ. നാളെ ഒരാപത്തിൽ കൂടെ നിൽക്കാൻ ആരാണുണ്ടാവുക എന്നറിയില്ല. ഇതെന്നെ പഠിപ്പിച്ചത് എന്റെ അനുഭവമാണ്.



**മുഷ്റഫ് അലി**
**10A**



# ജീവിതം...

ജീവിതം ഒരു ട്രെയിൻ യാത്ര പോലെ
ഓരോ സ്റ്റേഷനും ഓരോ ജീവിത ഘട്ടം
ശൈശവ, കൗമാര, യൗവ്വന, വാർദ്ധക്യ-
കാലഘട്ടങ്ങളെല്ലാം സ്റ്റേഷനുകൾ...

മഹാ സാഗരത്തിൽ നീന്തിത്തുടിക്കുന്ന
ഓളങ്ങളിൽ ആടിയുലയുന്ന
യഥാ സ്ഥാനത്തെത്താൻ വെമ്പുന്ന
പായ്കപ്പലിനെപ്പോലെ ജീവിതം..,.

ജീവിതത്തിലെ സന്തോഷങ്ങൾ
വസന്തകാലങ്ങൾ പോലെ
വർണ്ണ ശബളമായ് പൂക്കളും
പച്ചപ്പും കായ് കനികളും പോലെ

ദുഃഖങ്ങളുടെ കണ്ണുനീർ തുള്ളികൾ
തീക്കനൽ പോലെ എരിഞ്ഞിടുന്നു.
കല്ലും മുള്ളും നിറഞ്ഞ ജീവിത പാതകൾ
താണ്ടുവാൻ ഏറെ പ്രയാസപ്പെടുന്നു.

ഇതെല്ലാം നുണഞ്ഞും അറിഞ്ഞും
ദരിദ്രനും ധനികനും ഒരുപോലെ
തൂവെള്ള ശീലയിൽ പൊതിയപ്പെട്ട്
ആറടി മണ്ണിനോട് ചേരുന്നു.



**അമത്തുൽ മത്തീൻ**
10.B

WALLPAPERSWIDE.COM

SPARK K.M.H.S.S

# യാത്രാ വിവരണം - കൊച്ചിയിലെ ഒരു ദിവസം

സ്കൂളിൽ നിന്നും പഠനയാത്ര പോവുന്നുണ്ട് എന്ന് പറഞ്ഞപ്പോൾ തന്നെ ആവേശമായി. ആ ദിവസമാകാൻ ഞാൻ കാത്തിരുന്നു. 2018 ജനവരി 20 ന് എറണാകുളത്തേക്കാണ് ഞങ്ങൾ പഠന യാത്ര നടത്തിയത്. സ്കൂളിലെ അച്ചടക്കം വിനോദയാത്രയിൽ വേണ്ടെന്നും അടിച്ചുപൊളിച്ചു തകർക്കണ മെന്നും ഹെഡ്മാസ്റ്റർ ശ്രീധരൻ ബല്ല സാർ പറഞ്ഞപ്പോൾ ഞങ്ങൾക്ക് സന്തോഷമായി.

രാവിലെ 5.20 ന് തുടങ്ങിയ യാത്രയിൽ വള്ളത്തോൾ കലാമണ്ഡലത്തിന്റെ മുന്നിലെത്തിയപ്പോൾ പ്രഭാതഭക്ഷണം കഴിക്കാൻ ഞങ്ങളിറങ്ങി. തുടർന്ന് മൃഗശാല സന്ദർശിച്ച് സി.എം.എഫ്.ഐ യിലെത്തി. വ്യത്യസ്ത തരത്തിലുള്ള മത്സ്യങ്ങളെയും കടൽജീവികളെയും കണ്ടു. ഉച്ചസമയമായപ്പോഴേക്കും രുചികരമായ ഉച്ചഭക്ഷണം കഴിച്ചു.

പിന്നീട് ഞങ്ങൾ നേരെ ബോട്ട് ജെട്ടിയിലേക്ക് പോയി. അവിടെ ഞങ്ങൾ രസകരമായ കാഴ്ചകൾ കണ്ട് ബോട്ട് യാത്ര ആസ്വദിച്ചു. ഞങ്ങൾ ആഗ്രഹിച്ചതു പോലെ ധാരാളം ഡോൾഫിനുകളെ കാണുകയുണ്ടായി. സുഭാഷ് പാർക്കിൽ പോകുമെന്ന് പറഞ്ഞിരുന്നെങ്കിലും സമയക്കുറവു മൂലം ഞങ്ങൾക്കവിടെ പോകാൻ സാധിച്ചില്ല. പിന്നീട് ഞങ്ങൾക്ക് പേടി തോന്നി. വിശാലമായ ആ മായിക ലോകത്തിലൂടെ കഴ്ചകണ്ട് നടക്കാൻ തന്നെ ഒരുപാട് സമയമെടുത്തു. തുടർന്ന് ഞങ്ങൾ മെട്രോയിൽ കയറി. കാഴ്ചകളൊന്നും കണ്ടില്ലെങ്കിലും രസകരമായ ഒരു യാത്രയായിരുന്നു. അന്ന് രാത്രി 9 മണി യോടുകൂടി രുചികരമായ ബിരിയാണിയും കഴിച്ച് ഞങ്ങൾ മടക്കയാത്ര തുടങ്ങി. രാത്രി 2 മണിയോടു കൂടി സ്കൂളിലെത്തി. രക്ഷിതാക്കളോടൊപ്പം വീട്ടിലേക്ക് മടങ്ങി. ഞങ്ങൾക്കൊരിക്കലും മറക്കുവാൻ സാധിക്കാത്ത അനുഭവമായി ഞങ്ങളുടെ കൊച്ചി യാത്ര.



സാനിയ
8.G

WALLPAPERSWIDE.COM

# കവിത - മിഴിനീർ പൂക്കൾ

ദൈന്യതയൂറുന്ന മിഴികളോടന്നൊരാൾ
ചുറ്റും ദയക്കായ് പരതുന്നിതാ വൃഥാ
സാക്ഷരർ എന്നഭിമാനിക്കും നാമിതാ
വിശക്കും വയറ്റിൽ ചവിട്ടി രസിക്കുന്നു.

ഒരു കിലോ അരിയും ഒരു കൂടുമല്ലിയും
ഒരു കെട്ടു ബീഡിയും മോഷ്ടിച്ചതോ കുറ്റം?
പശി അടങ്ങാത്ത വയറിനെ കാണാത്ത നാം
എന്തു നന്മ ചെയ്തീടിലും തിന്മയായി തീർന്നിടും

മോഷ്ടിച്ചതെന്തിനെന്നു ആക്രോശിക്കുന്നൊരാൾ
'വിശന്നിട്ടല്ലേ ചേട്ടാ' എന്നുള്ള മറുപടി
ഏതു കഠിന ഹൃദയനെയും
ഉഴുതു മറിക്കാൻ പോന്നതാവും
ദയക്കായ് കേഴുമീ മധുവിന്റെ കണ്ണുകൾ
ഉണ്ണാനിരിക്കെ മനസ്സിൽ തെളിയുന്നു.

ഒരുപിടി ചോറിന്റെ വിലയറിയാത്തൊരാ
പുത്തൻ തലമുറ എന്തു ചെയ്തീടുവാൻ
ഇക്കാണും ഹീന പ്രവൃത്തികൾ ഇനിമേലിൽ
കേരളക്കരയിൽ നടക്കാതിരുന്നെങ്കിൽ....
കേരളം ഭ്രാന്താലയമെന്നുള്ളൊരാ പഴമൊഴി
പുതുമൊഴിയായി ഭവിക്കാതിരുന്നെങ്കിൽ...

പശിയില്ലാ ലോകത്തിലേക്കെത്തിയ സോദരാ
നിനക്കെൻ ഹൃദയ പ്രണാമം.. ആയിരം പ്രണാമം....

ഫിദാഷെറിൻ.വി.പി
8.G

# കേരളം അതിജീവിച്ച കഥ

മഹാ പ്രളയത്തിൽ നിന്നും കരകയറുകയാണ്. ഓർത്തെടുക്കുമ്പോൾ ഭയപ്പെടുത്തുകയും മലയാളി ആയതിൽ അഭിമാനം തോന്നുകയയും ചെയ്യുന്ന നിമിഷങ്ങളുണ്ട്. കുളിർത്തെന്നലിന്റെ സുഖമുള്ള മഴയോർമ്മകൾ മനസ്സിൽ സൂക്ഷിച്ച മലയാളി കണ്ടത് മഴയുടെ രൗദ്രഭാവം. നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം!

കാലവർഷം പതിവിലുമധികം ശക്തിപ്രാപിക്കുന്നത് നാം ശ്രദ്ധിച്ചിരുന്നില്ല. എല്ലാ കൊല്ലത്തെയും പോലെ കുട്ടനാട്ടിൽ മാത്രം ഒതുങ്ങും മഴക്കെടുതിയുടെ ദുരന്തങ്ങളെന്ന് കേരളം കരുതി. വെറുതെയങ്ങ് തിരിച്ച് പോകാൻ വന്നതല്ല എന്ന സൂചന നൽകി. മലയോരങ്ങളിൽ വ്യാപകമായ മണ്ണിടിച്ചിലും ഉരുൾപൊട്ടലും. ഡാമുകളിൽ ജലനിരപ്പ് ഉയർന്നു തന്നെ. ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഉയർന്ന വാർത്തകൾ ആശങ്കക്ക് പകരം ആകാംക്ഷയോടെയായിരിക്കും മലയാളികൾ കേട്ടത്. ഡാമിന്റെ ഷട്ടർ തുറക്കുന്ന ചരിത്ര നിമിഷത്തിന് സാക്ഷ്യം വഹിക്കാനായി ഇടുക്കിയിലേക്ക് ജനപ്രവാഹം. ട്രയൽ റണ്ണിനായി തുറന്ന ഷട്ടറുകൾ പിന്നീട് അടക്കേണ്ടി വന്നില്ല. ചരിത്രത്തിലാദ്യമായി ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകളും ഉയർത്തി. കാലവർഷം അതിന്റെ എല്ലാ ഭീകരതയോടെയും ആർത്തലച്ചു. റോഡുകൾ ഒലിച്ചു പോയി. വീടുകൾ നിലം പൊത്തി, കുന്നുകൾ ഇടിഞ്ഞു. രാജ്യം 70-ാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുമ്പോൾ ആശങ്കയുടെ നിഴൽ വീണിരുന്നു കേരളത്തിന്റെ ആകാശത്ത്.

കിട്ടിയതൊക്കെ കയ്യിലെടുത്ത് ദുരിതാശ്വാസ ക്യാമ്പിലേക്ക് ഓടിയവർ, വീടിന്റെ രണ്ടാം നിലയിൽ അഭയം പ്രാപിച്ചവർ, ചത്തുപൊങ്ങിയ വളർത്തു മൃഗങ്ങൾ, ഒറ്റപ്പെട്ട് കുടുങ്ങിക്കിടക്കുന്നവർക്കായുള്ള ഉറ്റവരുടെ സഹായാഭ്യർത്ഥനകൾ. ഒരു മനുഷ്യായുസ്സിൽ മറക്കാൻ കഴിയാത്ത നടക്കുന്ന ഓർമ്മകളാണ് പ്രളയം സമ്മാനിച്ചത്.

കേരളത്തിന്റെ സൈന്യമായി മത്സ്യത്തൊഴിലാളികൾ എത്തി. കുടുങ്ങിക്കിടക്കുന്നവരെ തേടി വഴിയറിയാത്ത ഇടങ്ങളിലൂടെ കടലിന്റെ മക്കൾ പോയി. സമൂഹ മാധ്യമങ്ങൾ കൺട്രോൾ റൂമുകളായി. സൈന്യവും, പോലീസും, ഭരണകൂടവും, ജനങ്ങളും പ്രളയം തകർക്കാത്ത നാടായി കേരളത്തെ കൈ പിടിച്ചുയർത്തി.

പ്രളയകാലം തിരിച്ചറിവുകളുടേത് കൂടിയായിരുന്നു. ജാതിയുടേയും മതത്തിന്റയും പണത്തിന്റയും അതിർവരമ്പുകൾ ഇല്ലാതായി. അമ്പലത്തിലും പള്ളികളിലും നിസ്കാര പായകൾ വിരിച്ചു. പാവപ്പെട്ടവനും പണക്കാരനും ഒരു പാത്രത്തിൽ നിന്ന് കഴിച്ചു. 'അന്യർക്ക് പ്രവേശനമില്ല' എന്ന ബോർഡുകൽ പ്രളയമെടുത്തു. വിശപ്പിനേക്കാൾ വലുതല്ല ദുരഭിമാനമെന്ന് തിരിച്ചറിഞ്ഞു.

കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ കേരളം ഒറ്റക്കെട്ടായി മഹാപ്രളയത്തെ നേരിട്ടു. ദുരന്ത ബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഒരുമിച്ചെത്തിയതിനെ ദേശീയ മാധ്യമങ്ങൾ പ്രോത്സാഹിപ്പിച്ചു. കുട്ടികളെയും പൊക്കിയെടുത്ത് സുരക്ഷിത സ്ഥാനങ്ങളിലെ ത്തിച്ചു. പ്രതീക്ഷയുടെ പുൽനാമ്പുകൽ വീണ്ടും തളിർത്തു തുടങ്ങി.

കേന്ദ്ര സഹായവും വിദേശ സഹായങ്ങളുമെല്ലാം ചർച്ചാ വിഷയങ്ങളാണങ്കിലും കേരളത്തിന് അതിജീവിച്ചേ മതിയാകൂ. മുഖ്യമന്ത്രി പറഞ്ഞതുപോലെ ഓരോ മലയാളിയും തന്റെ കരുത്ത് തിരിച്ചറയണം. നിപ്പയേയും ഓഖിയേയും പോലെ കേരളം ചങ്കൂറ്റത്തോടെ നേരിടുകയാണ് മഹാപ്രളയത്തെ.... നവകേരളം കെട്ടിപ്പടുക്കാനായി.

WALLPAPERSWIDE.COM

# സായിയും സെറ്റിലും

ഗ്രിസ്റ്റിൽ എന്ന ഗ്രാമത്തിലെ സുന്ദരിയായ പെൺകുട്ടിയാണ് സായി. മാൻപേടയെ പോലെ കണ്ണും ചന്ദ്രന്റെ നിറവുമുള്ള അവൾക്ക് സ്വന്തം എന്നു പറയാൻ അമ്മയും ചേച്ചിയുമാണുള്ളത്. അവളുടെ അമ്മക്ക് അടുത്തുള്ള തോട്ടത്തിൽ ആപ്പിൾ പെറുക്കുന്ന ജോലിയും ഉണ്ടായിരുന്നു. ഒരിക്കൽ അവളുടെ അമ്മ ആപ്പിൾ പെറുക്കിയതിനു ശേഷം അവളോട് പറഞ്ഞു, "മോളേ സായി, നീ നാളെ ആപ്പിൾ ശേഖരിക്കാൻ തോട്ടത്തിലേക്ക് പോകണം. ഞാൻ അതിരാവിലെ നിന്റെ ചേച്ചിയുടെ അരികിലേക്ക് പോകും". ഇത് കേട്ട അവൾ ചോദിച്ചു, “എന്താണമ്മേ ചേച്ചിയുടെ അവിടെ പോകുന്നത്?” “അത് മോളേ നിന്റെ ചേച്ചി ഒരു അമ്മയാവാൻ പോവുകയാണെന്ന് എനിക്ക് വിവരം കിട്ടി. അതുകൊണ്ട് അവളെ നോക്കാൻ പോകുകയാണ്." ഇത് പറഞ്ഞ് അമ്മ അവിടെ നിന്നു പോയി. അവൾ ഉറങ്ങുകയും ചെയ്തു. രാവിലെ സായി എണീറ്റപ്പോൾ അമ്മ അവിടെ ഇല്ലായിരുന്നു. അവൾ കുടയുമായി തോട്ടത്തിലേക്ക് പോയി.

ആ ആപ്പിൾ തോട്ടം വളരെ വിശാലമായിരുന്നു. ആപ്പിൾ മരങ്ങൾ നിരനിരയായി നിൽക്കുന്നുണ്ട്. അതിനിടയിൽ നിറയെ ആപ്പിളുകളും ഉണ്ട്. ആപ്പിൾ കമ്പനി ഒരു മലയുടെ മുകളിലായിരുന്നു. കമ്പനിയുടെ വാതിൽക്കൽ രണ്ട് കാവൽക്കാരും ഉണ്ടായിരുന്നു. അവൾ അത് അവിടെ കൊടുത്ത ശേഷം വീട്ടിലേക്ക് മടങ്ങി. പിറ്റെ ദിവസവും അവൾ തോട്ടത്തിലെത്തി. കുറേ ആപ്പിളുകൾ ശേഖരിച്ച ശേഷം അവൾ വല്ലാതെ ക്ഷീണിച്ചു. അപ്പോൾ അടുത്തു കണ്ട പുഴയിലിറങ്ങി അൽപം വെള്ളം കുടിക്കാമെന്നു കരുതി അവൾ അതിലേക്കിറങ്ങി. ഈ സമയം മറുകരയിൽ നിന്നു മനോഹരമായ ഒരു ഗാനം അവൾ കേട്ടു. അതിൽ മുഴുകി അവൾ കുറേ സമയം അവിടെ നിന്നു. ആ മനോഹരമായ ഗാനം നിന്നപ്പോൾ ഒരു സ്വപ്നത്തിൽ നിന്ന് ഉണരുന്നതു പോലെ അവൾ ഉണർന്നു. എന്നിട്ട് ചിന്തിച്ചു, "അയ്യോ സമയം ഇത്രയുമായല്ലോ”. അവൾ കൂടയുമെടുത്ത് മടങ്ങിപ്പോയി.

പിറ്റേ ദിവസം അവൾ കൂടയുമെടുത്ത് തോട്ടത്തിലേക്ക് മടങ്ങി. അന്നും അവൾ ആപ്പിൾ ശേഖരിച്ച ശേഷം പുഴയിലേക്കിറങ്ങി. ഇന്ന് മറുകരയിൽ നിന്ന് മനോഹരമായ ശബ്ദമാണ് കേട്ടത്. ലെറ്റീ.... ലെറ്റീ.... നീ എവിടെയാ... ലെറ്റീ. ഈ സമയം മറുകരയിൽ ഒരു മുയൽ പ്രത്യക്ഷപെട്ടു. അവൾ ആ മുയലിനെ ഉറ്റു നോക്കി, അത് അവളെയും. അവൾ അതിനോട് ചോദിച്ചു "നീയാണോ ലെറ്റി?" അത് ഒന്നും മിണ്ടാതെ അകത്തേക്ക് ഓടിപ്പോയി. അവൾക്ക് ആകെ നിരാശയായി. അന്ന് രാത്രി അവളുടെ മനസ്സിൽ ആകെ ആ ശബ്ദവും ഗാനവും മാത്രമായിരുന്നു. അവൾ കുറെ ചിന്തിച്ചു; ആരായിരിക്കും അത് എന്ന്. എന്തായാലും ആ ആളെ കണ്ടുപിടിച്ചിട്ട് തന്നെ കാര്യമുള്ളൂ. ഇങ്ങനെ ചിന്തിച്ച് ചിന്തിച്ച് അവൾ ഉറങ്ങി. പിറ്റേന്ന് കുറച്ച് നേരത്തെ തന്നെ അവൾ തോട്ടത്തിലേക്കിറങ്ങി. ആപ്പിൾ ശേഖരിച്ച ശേഷം അവൾ പുഴയുടെ അരികിലൂടെ നടന്നു. അങ്ങനെ നടക്കുന്ന ഇടയിൽ പുഴക്ക് കുറുകെയായി തടികൊണ്ട് നിർമ്മിച്ച ഒരു പാലം കണ്ടു. അവൾ അതിലൂടെ മറുകരയിലേക്ക് നടന്നുനീങ്ങി. ആ വഴികൾ അതിമനോഹരമായിരുന്നു. അതിലൂടെ നടന്നു നീങ്ങുമ്പോൾ എന്തോ ഒന്ന് അവളെ പിന്തുടരുന്നതായി അവൾക്ക് തോന്നി. പെട്ടെന്ന് പുറകിലേക്ക് തിരിഞ്ഞു നോക്കിയപ്പോൾ ഒരു കുരങ്ങിനെയാണ് അവൾ കണ്ടത്. അവൾ ആകെ പേടിച്ച് അലറിപ്പോയി. ഇതു കണ്ട കുരങ്ങ് അവളുടെ ദേഹത്തേക്ക് ചാടി. അവൾ അടുത്തുകണ്ട വടിയെടുത്ത് അതിനെ തല്ലാൻ ഒരുങ്ങിയപ്പോൾ വേറെ ഏതോ ഒരു മൃദുവായ കൈവന്ന് അവളുടെ കൈയ്യിൽ പതിച്ചു. അവൾ പുറകിലേക്ക് തിരിഞ്ഞു നോക്കി. അത് ഒരു മനോഹരമായ പനിനീർപ്പൂവ് പോലെയുള്ള ഒരു യുവാവായിരുന്നു. അയാളെ കണ്ടതും കുരങ്ങ് അയാളുടെ തോളിൽ കയറിയിരുന്നു. പിന്നീട് അയാൾ അവളുടെ കയ്യിൽ നിന്ന് പിടിവിട്ട ശേഷം പറഞ്ഞു "ഇവൻ നിന്നെ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കൂ കൂട്ടുകാരി. ഇവനു വേണ്ടി നിന്നോട് ഞാൻ മാപ്പ് ചോദിക്കുന്നു." ഇതുകേട്ട സായി പറഞ്ഞു, "അതൊന്നും വേണ്ട, താങ്കൾ എന്നെ ഇവന്റെ അടുത്തുനിന്നും രക്ഷിച്ചല്ലോ. അത് തന്നെ വലിയ ഉപകാരം." ഇതുകേട്ട യുവാവ് ഒന്നു ചിരിക്കുക മാത്രം ചെയ്തു, എന്നിട്ട് സായിയോട് പറഞ്ഞു, “എന്റെ പേര് സെറ്റിൽ എന്നാണ്. ഇവൻ എന്റെ ഉറ്റ മിത്രവും ഉറ്റ ബന്ധുവുമാണ്. ഇവന്റെ പേര് ലെറ്റി എന്നാണ്.” ഇതു കേട്ടപ്പോൾ സായി ചോദിച്ചു,

WALLPAPERSWIDE.COM

"അപ്പോൾ നിങ്ങളാണോ ഇതിന്റെ ഉള്ളിൽ ലെറ്റി... ലെറ്റി എന്നു വിളിക്കുന്നത്?" "അതെ, അതെ, ഞാൻ തന്നെയാണ്. എന്ത് ചെയ്യാനാ... ഇവൻ എന്നോട് പറയാതെ എങ്ങോട്ടെങ്കിലും പോകും. പിന്നീട് വിളിച്ചാലോ മിണ്ടില്ല. ആട്ടെ തന്റെ പേരെന്താണ്?" ഇതുകേട്ട അവൾ അവനോട് പറഞ്ഞു. "എന്റെ പേര് സായി. ഞാൻ ആപ്പിൾ തോട്ടത്തിൽ ആപ്പിൾ പെറുക്കുന്ന ചേച്ചിയുടെ മകളാണ്." ഇതെല്ലാം പറഞ്ഞതിനു ശേഷം സായി, സെറ്റിലിനോട് പറഞ്ഞു. "സെറ്റിൽ സമയം വൈകി, പോകുകയാണ്."

ഇതും പറഞ്ഞ് അവൾ മടങ്ങി പോയി. പിന്നെ എല്ലാ ദിവസവും അവർ കാണുകയും സംസാരിക്കുകയും ചെയ്തു. അങ്ങനെ ഒരുപാട് മാസം പിന്നിട്ടപ്പോൾ സായിയുടെ ചേച്ചിക്ക് ഒരു കുഞ്ഞ് ജനിക്കുകയും ചെയ്തു. തന്നെ കൊണ്ടുപോകാൻ ചേട്ടൻ വരുമെന്ന് അവളോട് അമ്മ വിളിച്ച് അറിയിച്ചു. ഇതെല്ലാം സായി സെറ്റിലിനോട് പറഞ്ഞു. ഒരു ദിവസം അവർ രണ്ടു പേരും കാട്ടിലൂടെ നടക്കുകയായിരുന്നു. സെറ്റിൽ സായിയോട് പറഞ്ഞു. "ഞാൻ നിനക്ക് ഒരു പാട്ട് പാടിത്തരാം." സായി പറഞ്ഞു, "എന്നാൽ വേഗം പാട്." അവൻ മനോഹരമായ ഒരു പാട്ട് അവൾക്ക് വേണ്ടി ആലപിച്ചു. അവന്റെ ആ ഗാനത്തിൽ ചീവീടുകൾ പോലും നിശബ്ദരായി. അപ്പോൾ സെറ്റിൽ സായിയോട് ചോദിച്ചു എങ്ങനെയുണ്ട് എന്ന്. അവൾ ഒന്നും മിണ്ടാതെ വീട്ടിലേക്ക് ഓടിപ്പോയി. അവൻ കരുതി അവൾക്ക് തന്റെ പാട്ട് ഇഷ്ടപ്പെട്ടില്ല എന്ന്. അവൾ വീട്ടിൽ എത്തിയശേഷം കിടക്കയിൽ കിടന്ന് സ്വയം പറഞ്ഞു. ഞാൻ ഇത്രയും കാലം സ്നേഹിച്ചിരുന്നത് സെറ്റിലിനെ തന്നെയായിരുന്നു. പക്ഷെ, ഞാൻ അതങ്ങനെ അവനോട് പറയും. ഇതും ചിന്തിച്ച് അവൾ പതുക്കെ ഉറക്കത്തിലേക്ക് വഴുതി വീണു.

പിറ്റെ ദിവസം രാവിലെ ആരോ കതകിൽ മുട്ടുന്നത് കേട്ടാണ് അവൾ ഉണർന്നത്. കതക് തുറന്നപ്പോൾ അത് അവളുടെ ചേച്ചിയുടെ ഭർത്താവായിരുന്നു. അയാളുടെ കണ്ണുകൾ ആകെ ചുവന്ന് കലങ്ങിയിരുന്നു. അവൾ അയാളോട് പറഞ്ഞു, "ഇരിക്കു ചേട്ടാ ഞാൻ ചായ എടുക്കാം". എന്നാൽ അയാളുടെ മറുപടി ഇങ്ങനെയായിരുന്നു. "നീ വേഗം ഒരുങ്ങിവാ". അവൾ എന്താ പ്രശ്നം എന്ന് ചോദിച്ചെങ്കിലും അയാൾ ഒന്നും പറഞ്ഞില്ല. അവർ ഇരുവരും മിൻസരിയിലേക്ക് യാത്രയായി. ഒരു വൻ ജനക്കൂട്ടത്തിന്റെ അടുക്കലായിരുന്നു അവർ നടന്നു നീങ്ങിയത്. ജനക്കൂട്ടത്തിൽ നിന്ന് അവർ വീട്ടിനുള്ളിലേക്ക് കയറി. അവിടെ അവൾ കണ്ട കാഴ്ച അവളുടെ കണ്ണുകൾ ഈറനണിയിപ്പിച്ചു. അവൾ ജീവനുതുല്യം സ്നേഹിച്ച അവളുടെ  അമ്മയും ചേച്ചിയും മരിച്ചുകിടക്കുന്നതാണ് കണ്ടത്. അവൾ കുറേ സമയം അവിടെ സ്തബ്ധയായി നിന്നു. പിന്നീട് പൊട്ടിക്കരയാൻ തുടങ്ങി. ഇതിനിടയിൽ ആൾക്കൂട്ടത്തിനിടയിൽ ഒരാൾ പറയുന്നത് അവൾ കേട്ടു. കുട്ടിക്ക് പനിയായിട്ട് രണ്ടുപേരും ആശുപത്രിയിൽ പോയതാണ്. വരുന്ന വഴിക്ക് അവരുടെ ഓട്ടോയിൽ ഒരു ലോറി ചീറിപാഞ്ഞ് വന്നിടിച്ചതാ. എന്തോ ഈശ്വരഭാഗ്യം കൊണ്ട് ആ കുട്ടി രക്ഷപ്പെട്ടു. ഇതു കേട്ടപ്പോൾ അവൾക്ക് തല കറങ്ങുന്നതായി തോന്നി. അവൾ തല കറങ്ങി അവിടെ വീണു. രാവിലെയാണ് അവൾ എഴുന്നേറ്റത്. അവൾ എഴുന്നേറ്റപാടെ ചേട്ടൻ വന്ന് അരികിലിരുന്നു. എന്നിട്ടവളോട് പറഞ്ഞു. നീ വിഷമിക്കരുത്, നിനക്ക് ഞാനും ഈ അനിയത്തിയും ഉണ്ട്. ഇത് കേട്ട അവൾ ഒന്ന് മൂളുക മാത്രം ചെയ്തു.

പിന്നീട് അമ്മയുടെയും ചേച്ചിയുടെയും കർമങ്ങൾ എല്ലാം കഴിഞ്ഞപ്പോൾ അവൾ വീട്ടിൽ തിരിച്ചെത്തി. വീടെല്ലാം അടിച്ചുവാരി വൃത്തിയാക്കിയതിനു ശേഷം ഒന്നു കിടന്നു. രാവിലെ അവൾ തോട്ടത്തിലേക്ക് പോയി. ആപ്പിൾ ശേഖരിച്ച ശേഷം അത് കമ്പനിയിൽ കൊടുത്തിട്ട് അവൾ വീട്ടിലേക്ക് മടങ്ങി. ഈ സമയം സെറ്റിലും ലെറ്റിയും കാട്ടിലൂടെ നടക്കുകയായിരുന്നു. സെറ്റിൽ ലെറ്റിയോട് ചോദിച്ചു, "ലെറ്റി, ഒരുപാട് ദിവസമായല്ലോ സായിയെ കണ്ടിട്ട്, നമുക്ക് അവളുടെ വീടൊന്ന് കണ്ടുപിടിക്കണം". ലെറ്റി പറഞ്ഞു, "അതെ നമുക്ക് വീട് കണ്ടിപിടിച്ച് അങ്ങോട്ട് പോകണം". പിറ്റേ ദിവസം സെറ്റിയും ലെറ്റിലും അവളെ അന്വേഷിച്ച്  ഇറങ്ങി. ഈ സമയം അവൾ തോട്ടത്തിൽ ആപ്പിൾ ശേഖരിക്കുന്നുണ്ടായിരുന്നു. ആപ്പിൾ ശേഖരിച്ച് അവൾ പോയി. അവളുടെ പുറകെ സെറ്റിയും ലെറ്റിലും പോയി.

അവളെ കാണാതെ അവർ ഇരുവരും അവളുടെ വീട്ടിലേക്ക് പോവാൻ തീരുമാനിച്ചു. നടന്ന് നടന്ന് സായി കമ്പനിയുടെ ഉള്ളിൽ കയറി. അവരും കയറാൻ തീരുമാനിച്ചു. എന്നാൽ, പുറത്തു നിൽക്കുന്ന കാവൽക്കാർ അതിനു അനുമതി നൽകിയില്ല. എന്നാൽ ലെറ്റി ആകെ ക്ഷീണിതനായി മരക്കൊമ്പിൽ ഇരിക്കുകയായിരുന്നു. ഈ സമയത്ത് ഒന്നാമത്തെ കാവൽക്കാരൻ രണ്ടാമത്തെ കാവൽക്കാരനോട് പറഞ്ഞു. ഈ പോകുന്ന കുട്ടിക്ക് ഒരു അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ, എന്നാൽ അവര് ഒരു വാഹനാപകടത്തിൽ മരിച്ചു. ഇത് കേട്ട് രണ്ടാമത്തെ കാവൽക്കാരൻ പറഞ്ഞു. അപ്പോൾ അവൾ അവളുടെ വീട്ടിൽ

ശരിക്കും ഒറ്റക്കായിരിക്കും അല്ലേ? ഒന്നാമത്തവൻ പറഞ്ഞു, അതെ. ഇതുകേട്ട അയാൾ ഒന്നാമത്തവനോട് പറഞ്ഞു, നമുക്ക് രണ്ടുപേർക്കും ഒറ്റക്കെട്ടായ് നിന്നാൽ കോടീശ്വരന്മാർ ആവാൻ ഒരു മാർഗമുണ്ട് കിട്ടുന്നതിന്റെ പകുതി ഞാൻ തരാം. മറ്റവൻ ചോദിച്ചു, "എന്താണത്?" അയാൾ പറഞ്ഞു, "മിസ്റ്റിൻസിൽ മിലിഷൻ എന്ന ഒരു പണക്കാരനുണ്ട്. അയാൾക്ക് സ്ത്രീകൾ എന്നുവെച്ചാൽ ഒരു ഹരമാണ്. അയാൾക്ക് ഇവളെ ഇട്ടുകൊടുത്താൽ എന്തെങ്കിലുമൊന്ന് കിട്ടാതിരിക്കില്ല. കാരണം പെണ്ണിനെ കാണാനും കുഴപ്പമില്ലല്ലോ?'

ഇവർ സംസാരിക്കുന്നതെല്ലാം മുകളിലിരുന്ന് കേട്ട ലെറ്റി സെറ്റിലിന്റെ അടുത്തേക്ക് ഒറ്റ ഓട്ടമായിരുന്നു. സെറ്റിൽ സായിയുടെ വീടിന്റെ മുൻവശത്തുണ്ടായിരുന്നു. ലെറ്റി ഓടിവന്ന് സെറ്റിലിന്റെ തോളിലിരുന്നപ്പോൾ ഉണ്ടായ കാര്യമൊന്നും പറഞ്ഞില്ല. പിന്നീടവർ ഇരുവരും കാട്ടിലേക്ക് മടങ്ങി. സമയം ഒരുപാട് ഇരുട്ടിയിരുന്നു. ഈ സമയം ലെറ്റി ഇവനോട് ചോദിച്ചു, "സെറ്റിൽ നിനക്ക് സായിയെ ഇഷ്ടമല്ലേ?" "ഇഷ്ടമാണ്" എന്നവൻ പറഞ്ഞു. എന്നാൽ ഇത് നമുക്ക് അവളോട് നാളെ തന്നെ പറയാം. അതൊന്നും ശരിയാവില്ല, അവൾക്ക് എന്നെ ഇഷ്ടമല്ലെങ്കിലോ? അവൾ എന്നെ മിത്രമായല്ലേ കാണുന്നത്? ഇതുകേട്ട ലെറ്റി പറഞ്ഞു, അതിനെല്ലാം വഴിയുണ്ട്, നീ ആദ്യം അവളോട് പറ, നമ്മൾ നാളെ അവളുടെ വീട്ടിലേക്ക് പോകുന്നു, ഇഷ്ടമാണെന്ന് പറയുന്നു, അവളെ കൂട്ടി പോരുന്നു. നല്ല രസം ഉണ്ടാവും. സെറ്റിൽ ഒന്നു ചിരിക്കുക മാത്രം ചെയ്തു. സമയം ഇരുട്ടിയപ്പോൾ ലെറ്റി കുറേ കുരങ്ങന്മാരെ വിളിച്ച് ചേർത്ത് ആ കാവൽക്കാരുടെ തന്ത്രം പൊളിക്കണമെന്നും, സായിയെ രക്ഷിക്കണം എന്നും, ഇതിനായി രണ്ടു കുരങ്ങന്മാർ അവിടെ എത്തണമെന്നും അവരോട് പറഞ്ഞു.

രാവിലെ ആയപ്പോൾ സെറ്റിൽ സായിയുടെ വീട്ടിൽ പോയി. സായിക്ക് സെറ്റിലിനെ കണ്ടപ്പോൾ അതിയായ സന്തോഷം ഉണ്ടായി. സായി പറഞ്ഞു, "വരൂ ഇരിക്കൂ". നിങ്ങളെ ഒക്കെ കണ്ടിട്ട് ഒരുപാട് കാലമായി സെറ്റിൽ പറഞ്ഞു, "ഞാൻ ഒരു കാര്യം പറയാൻ വന്നതാണ്". സായി: "അതിനെന്താ പറഞ്ഞോ". സെറ്റിൽ പറഞ്ഞു, "നിന്നെ ഇപ്പോൾ കാണാറെ ഇല്ലല്ലോ". "ഓ.. അത്..." എന്ന് തുടങ്ങി അവൾ ഉണ്ടായ കാര്യം എല്ലാം സെറ്റിലിനോട് പറഞ്ഞു. അവനു സങ്കടമായി. അവൻ അവിടെ നിന്നും കാട്ടിലേക്കു മടങ്ങി. കാട്ടിൽ എത്തിയപ്പോൾ ഒരു കുരങ്ങ് വന്ന് ലെറ്റിയെ കൂട്ടിക്കൊണ്ട് പോയി. എന്നിട്ട് അവനോട് പറഞ്ഞു, "ഇന്നേക്ക് നാലാം ദിവസം അവർ സായിയെ ആക്രമിക്കും". ലെറ്റി പറഞ്ഞു "നാലാം ദിവസം എല്ലാവരും അവിടെ എത്തണം". പിന്നീട് അവൻ സെറ്റിലിന്റെ അരികിൽ പോയിട്ട് ചോദിച്ചു, "സെറ്റിൽ നീ എന്തുകൊണ്ട് സായിയോട് ആ കാര്യം പറഞ്ഞില്ല?" അവൻ പറഞ്ഞു, "നീ കേട്ടില്ലേ അവൾ പറഞ്ഞതെല്ലാം". ഇത് പറഞ്ഞ് അവൻ നിർത്തി. ലെറ്റി പറഞ്ഞു, "അത് ശരി. നമുക്ക് പിന്നെ ഒരു ദിവസം ആക്കാം".

നേരം അർദ്ധരാത്രിയായപ്പോൾ ആ രണ്ടു കാവൽക്കാർ പണത്തിനോടുള്ള അത്യാർത്തി മൂലം അന്ന് രാത്രി തന്നെ സായിയുടെ വീട്ടിൽ പോയി. എന്നാൽ കുരങ്ങൻമാർ ഇത് അറിഞ്ഞിട്ടുകൂടി ഉണ്ടായിരുന്നില്ല. അവർ രണ്ടുപേരും സായിയുടെ വീട്ടിൽ പോയി കതക് മുട്ടിയതും സായി തുറന്നു. അവർ തന്നെ ആക്രമിക്കാൻ വന്നതാണെന്ന് അറിഞ്ഞതും സായി ഓടി പോയി. സായിയുടെ പുറകെ അവരും ഓടി. ഒടുവിൽ അവൾ ഓടി ഓടി ഒരു കാളി ക്ഷേത്രത്തിൽ എത്തി. അവിടെ കാളിയുടെ വലിയ ഒരു രൂപം ഉണ്ടായിരുന്നു അവൾ അതിനപ്പുറം മറഞ്ഞു നിന്നു. കാവൽക്കാരൻമാർ അവൾ മറഞ്ഞു നിന്നിടത്തു നിന്നു അവളെ ബലമായി വലിച്ചു കൊണ്ടു പോയി. അവൾ കുതറി വീണ്ടും ഓടി. അതെല്ലാം ഒരു രാപ്പാടി പക്ഷി കാണുന്നുണ്ടായിരുന്നു. ആ പക്ഷി അവൾക്ക് സംഭവിക്കുന്നത് ഉറക്കെ പാടാൻ തുടങ്ങി. അത് കാട്ടിലെ ഒരു കരങ്ങ് കേട്ടു. ആ കുരങ്ങ് സന്ദേശം എല്ലാവരിലും എത്തിച്ചു. ലെറ്റിയും അറിഞ്ഞു. കുരങ്ങൻമാർ എല്ലാരും ആ രണ്ടു കാവൽക്കാരെ ആക്രമിക്കാൻ തുടങ്ങി. ഇതിനിടയിൽ സെറ്റിലിനോട് ലെറ്റി എല്ലാ കാര്യവും പറഞ്ഞ് അവനേയും കൂട്ടി ക്ഷേത്രത്തിൽ എത്തി. അവിടെ കാളിയുടെ രൂപത്തിന്റെ അടിയിൽ അവൾ വീണുകിടക്കുകയായിരുന്നു. സെറ്റിൽ അവളെ പോയി എണീപ്പിച്ചു. എന്നിട്ട് നടന്നതെല്ലാം അവളോടു പറഞ്ഞു. സായി പറഞ്ഞു, "ഞാൻ നിങ്ങളോട് നന്ദി പറയുകണ്". ഇതു കേട്ട ലെറ്റി പറഞ്ഞു, "നന്ദിയൊന്നും വേണ്ട. ഒരു കാര്യം മാത്രം പറഞ്ഞാൽ മതി.... ഇവനെ ഇഷ്ടമാണ് എന്ന് ". ഇത് കേട്ട സായിക്ക് ഒരുപാട് സന്തോഷമായി. അവൾക്ക് എന്നെ

WALLPAPERSWIDE.COM

ഇഷ്ടമാണെങ്കിൽ എനിക്ക് ഒരു പ്രശ്നവു ഇല്ല. ഇതും പറഞ്ഞ് അവർ വീട്ടിലേക്ക് നടന്നു. വീട്ടിൽ അവളെ ആക്കിയിട്ട് സെറ്റിൽ നടന്നു നീങ്ങി. സായി ചോദിച്ചു, "എന്നെക്കൂടി കൊണ്ടു പൊയ്ക്കൂടെ..." അവൻ പറഞ്ഞു, "കൂടെ പോരാൻ താൽപര്യം ഉണ്ടെങ്കിൽ പോരാം". അവൾ ഓടി അവന്റെ അടുത്തെത്തി. അവർ രണ്ടു പേരും കരം ചേർത്തു പിടിച്ച് നിലാവിന്റെ വെളിച്ചത്തിൽ നടന്നു നീങ്ങി.



**അയന.എ**
**IX.J**

WALLPAPERSWIDE.COM

# Behind My Smile...☺

Behind my smile that you ever find;
So many times I have cried my face with smile
Do you know; In front of you  I am a 'Brightening Star'
I told you that you can't find my inner mystery

Because I have a Giant power
To hide my sadness,
my melancholy
my Love

God knows me well than you
He knows my pain,
He knows the hurt
And all the strains
that's why he taught me how to Smile..



Angel Marshel
VIII D


# എഡിറ്റോറിയൽ ബോർഡ്





***SHIHAD.C*** ***AJAY.C*** ***RAHUL.K***


***HANA.O.P*** ***NEERJA.P*** ***SILVA***





WALLPAPERSWIDE.COM

# LITTLE KITES TEAM




WALLPAPERSWIDE.COM

# നന്ദി

**ഈ മാഗസിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ**

**അല്പമായും അധികമായും സഹകരിച്ച**

**എല്ലാവർക്കും നന്ദി.**

**സ്പാർക്ക്**
**കെ. എം. എച്ച്. എസ്. എസ്.**
***കരുളായി***